പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .348 — 11.06.2013 ൽ മറുപടിക്ക്

# പന്ത്രണ്ടാം പദ്ധതിയിൽ ലക്ഷ്യമിടുന്ന ഊർജ്ജ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ ബാലൻ<br>,, രാജു എബ്രഹാം<br>,, ബി.ഡി.ദേവസ്സി<br>,, പി. ശ്രീരാമകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) പന്ത്രണ്ടാം പദ്ധതിയിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലക്ഷ്യമിടുന്നത്; ഇത് ഏതെല്ലാം പദ്ധതികളിലൂടെയാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | (എ) പന്ത്രണ്ടാം പഞ്ചവത്സരക്കാലത്ത് ( 2012-17) 25 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു. ഇതു വഴി 248MW ന്റെ അധിക സ്ഥാപിത ശേഷി ലക്ഷ്യമിടുന്നു.<br>കൂടാതെ 5 ജലവൈദ്യുത പദ്ധതികൾ (124MW) ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിയ്ക്കുവാനും ലക്ഷ്യമിടുന്നു. ഇതിനു പുറമേ ഭരണാനുമതി ലഭിച്ച ആതിരപ്പിള്ളി (163MW), പൂയംകുട്ടി (210MW) എന്നീ ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിയ്ക്കുവാനും ലക്ഷ്യമിടുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>178.6MW ശേഷി വരുന്ന 13 പദ്ധതികളും കാറ്റിൽ നിന്നും 222MW ശേഷി വരുന്ന 2 പദ്ധതികളും സൗരോർജ്ജത്തിൽ നിന്നും സ്വകാര്യ സംരംഭകർ വഴി 50 MW ഉം KSEB നേരിട്ട് 1MW ഉം ശേഷിയുള്ള പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

(.....2)

ഇതു കൂടാതെ ബ്രഹ്മപുരം താപനിലയത്തിന്റെ വികസനം വഴി 350MW ഉം കായംകുളം പദ്ധതിയുടെ 1050MW ഉം പന്ത്രണ്ടാം പദ്ധതിക്കാലത്ത് ലക്ഷ്യമിടുന്നു. അതോടൊപ്പം 1200 MW ന്റെ പെട്രോനൈറ്റ് LNG പദ്ധതിയും പന്ത്രണ്ടാം പദ്ധതിയിൽ ലക്ഷ്യമിടുന്നു.

ഇതോടൊപ്പം സ്വകാര്യ സംരംഭകർ വഴി 28 MW ഉം ലക്ഷ്യമിടുന്നു. പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കാരിക്കയം,15 MW
മീൻവല്ലം 3MW
ഇരുവലാർ 4 MW
ആറ്റ് ലെ 6 MW

അനെർട്ട് റിന്യൂവബിൾ സ്രോതസ്സുകളിൽ സൗരോർജ്ജത്തിൽ നിന്നും , കാറ്റിൽ നിന്നും 500MW വീതം വൈദ്യുതി ഉല്പാദനത്തിനാണ് ലക്ഷ്യമിടുന്നത്.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) 1.25MW ന്റെ പീച്ചി ജലവൈദ്യുത പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. മറ്റു ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി എൻ.ടി.പി.സി.യുമായി ധാരണാപത്രം ഒപ്പുവെച്ചു. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് സ്വകാര്യ സംരംഭകരുടെ 22MW ശേഷിയുള്ള കാറ്റാടിപ്പാടം നിർമ്മാണം പുരോഗമിക്കുന്നു.<br><br>സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാനായി കെ.എസ്.ഇ.ബി താല്പര്യ പത്രം ക്ഷണിക്കുകയും അതിൻ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട സംരംഭകന് |

(....3)

ലെറ്റർ ഓഫ് ഇൻറൻഡ് നൽകുകയും ചെയ്തിട്ടുണ്ട്.

കായംകുളം, ബ്രഹ്മപുരം, പെട്രോനെറ്റ് എന്നീ പ്രകൃതിവാതകാധിഷ്ഠിത പദ്ധതികൾക്കുള്ള സാധ്യതാ റിപ്പോർട്ടും വിശദമായ പദ്ധതി നിർദ്ദേശവും തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുന്നു.

സ്വകാര്യ സംരംഭകർ വഴി കാരിക്കയം, മീൻവല്ലം നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. മറ്റ് പദ്ധതികൾ ഉടൻ തുടങ്ങാനാകുമെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

അനെർട്ട് സൗരോർജ്ജ പദ്ധതികളിൽ 10,000 മേൽക്കൂരകളിൽ 10MW സ്ഥാപിത ശേഷിയുടെ പദ്ധതി നടന്നു വരുന്നു. വരും വർഷങ്ങളിൽ ഇത്തരം കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതാണ്. കാറ്റിൽ നിന്നും 200 MW വൈദ്യുതി ഉല്പാദിപ്പിക്കാനായി എൻ.ടി.പി.സി.യും, കേരള സർക്കാരും ധാരണാ പത്രം ഒപ്പുവെച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുവാൻ ഉള്ള നടപടി സ്വീകരിച്ചു വരുന്നു. 27MW സ്വകാര്യ സംരംഭകർ വഴി സ്ഥാപിക്കാനുള്ള സാങ്കേതികാനുമതി അനെർട്ട് നൽകി കഴിഞ്ഞു.

(സി) പ്രസ്തുത ലക്ഷ്യം ഊർജ്ജാവശ്യകത നിറവേറ്റുന്നതിന് പര്യാപ്തമാണോ;

(ഡി) അല്ലെങ്കിൽ മറ്റ് എന്ത് മാർഗ്ഗത്തിലൂടെയാണ് ആവശ്യകത നിറവേറ്റാൻ ഉദ്ദേശിക്കുന്നത്?

<u>(സി) യും (ഡി)യും.</u>

മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി കേരളത്തിന്റെ ഊർജ്ജാവശ്യകത നിറവേറ്റുന്നതിന് ഏറെക്കുറെ സാധ്യതമാവുമെന്നാണ് കരുതുന്നത്. അധികമായി ഉണ്ടാകുന്ന വൈദ്യുതി ആവശ്യകത നേരിടുന്നതിന് കൂടംകുളത്തു നിന്നുള്ള 266MW ഉൾപ്പെടെ കേന്ദ്ര വിഹിതമായി 517MW വൈദ്യുതി 12-ാം പദ്ധതി കാലത്ത് ലഭ്യമാകുമെന്ന് കരുതുന്നു.

(....4)

ഇതു കൂടാതെ കൂടുതൽ സൗരോർജ്ജ പദ്ധതികൾ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയും കമ്പോളത്തിൽ നിന്നും വൈദ്യുതി വാങ്ങിയും സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യകത നിറവേറ്റുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

Annexure
U.S. Q.O. No 348

## Capacity Addition proposed during 12th Plan

| Sl. No | Project | Capacity (MW) | Present Status |
|---|---|---|---|
| | **Ongoing Hydel Projects** | | |
| 1 | Peechi | 1.25 | Commissioned |
| 2 | Pallivasal Extension Scheme | 60 | Work in progress-76% completed |
| 3 | Thottiyar | 40 | Work in progress-26% completed |
| 4 | Chathankottunada-II | 6 | Work in progress-11% completed |
| 5 | Vilangad | 7.5 | Work in progress-82% completed |
| 6 | Chimmony | 2.5 | Work in progress-3.7% completed |
| 7 | Perunthenaruvi | 6 | Work in progress-12% completed |
| 8 | Barapole | 15 | Work in progress-59% completed |
| 9 | Kakkayam | 3 | Work in progress-40% completed |
| 10 | Sengulam Augmentation | - | Work in progress-40% completed |
| 11 | Vellathooval | 3.6 | Work in progress-2% completed |
| 12 | Adyanpara | 3.5 | Work in progress-3% completed |
| 13 | Anakkayam | 7.5 | Work awarded |
| 14 | Poringalkuthu SHP | 24 | Work awarded |
| | **Total** | **179.85** | |
| | **New Hydel Schemes to be Tendered** | | |
| 15 | Olikkal | 2.7 | Scheduled for tendering this year |
| 16 | Poovaramthodu | 4.5 | Scheduled for tendering this year |
| 17 | Upper Kallar | 2 | Scheduled for tendering this year |
| 18 | Bhoothathankettu | 16 | Scheduled for tendering this year |
| 19 | Chembukadavu-III | 6 | DPR approved and pre-construction survey in progresss |
| 20 | Ladrum | 3.5 | -do- |
| 21 | Peechad | 3 | -do- |
| 22 | Pazhassi Sagar | 15 | -do- |
| 23 | Western Kallar | 5 | -do- |
| 24 | Marmala | 7 | DPR completed |
| 25 | Chathankottunada-I | 3.5 | DPR completed |
| | **Total** | **68.2** | |
| | **Total Hydro** | **248.05** | |
| | **Other Schemes to be tendered in 12th plan** | | |
| 1 | Thottiyar Stage II | 30 | |
| 2 | Mankulam | 40 | |
| 3 | Peruvannamoozhy | 6 | |
| 4 | Chinnar | 24 | |
| 5 | Upper Sengulam | 24 | |
| | **Total** | **124** | |